എക്സ്റേ അറ്റന്റർ	1
ഓപ്താൽമിക് അസിസ്റ്റന്റ്	1
ഡെന്റൽ ഹൈജീനിസ്റ്റ്	1
ട്രീറ്റ്മെന്റ് ഓർഗനൈസർ	1
ഫാർമസിസ്റ്റ്	1
ഫാർമിസിസ്റ്റ് സ്റ്റോർ കീപ്പർ	1
ലേഡീഹെൽത്ത് ഇൻസ്പെക്ടർ	1
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	1

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് മുഖേന ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി എടുത്തുകഴിഞ്ഞു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്ലൂക്കോസ് സ്റ്റാന്റ് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ഡി) ആവശ്യമായ മരുന്നുകൾ ഇപ്പോൾ ഉണ്ട്. ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

തൃശ്ശൂർ ജില്ലയിലെ പി.എച്ച്.സെന്ററുകളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

29(1839) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ എത്ര പി.എച്ച്. സെന്ററുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഈ കോൺട്രാക്ട് നിയമനത്തിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തിയ ഡോക്ടർമാരെ പിരിച്ചുവിട്ടിട്ടുണ്ടോ ; എത്ര പി.എച്ച്. സെന്ററുകളിൽ പുതിയതായി ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ; തൃശ്ശൂർ ജില്ലയിൽ എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ; പി.എസ്.സി. റാങ്ക്ലിസ്റ്റിൽനിന്നുള്ളവരെ നിയമിക്കുമ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചുവിടാറുണ്ടോ ; എങ്കിൽ എത്രപേരെ പിരിച്ചുവിട്ടു ;

(ഡി) തൃശ്ശൂർ ജില്ലയിൽ ഡോക്ടർമാരില്ലാത്ത എത്ര പി.എച്ച്. സെന്ററുകൾ ഇനിയും അവശേഷിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ട് പി.എച്ച്.സെന്ററുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഒരു വർഷത്തേയ്ക്കാണ് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. പ്രതിമാസം 7500 രൂപ മൊത്തവേതനമായി നൽകി വരുന്നു.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചു വിടാറുണ്ട്. 45 പി.എച്ച്.സെന്ററുകളിൽ പുതിയതായി നിയമനം നടത്തിയിട്ടുണ്ട്. ഇതുവരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന 45 പേരെ പിരിച്ചുവിട്ടിട്ടുണ്ട്.

(ഡി) തൃശ്ശൂർ ജില്ലയിലെ 7 പി.എച്ച്. സെന്ററുകളിൽ ഇപ്പോൾ ഡോക്ടർമാർ ഇല്ല.

കണ്ടല്ലൂർ പി.എച്ച്.സെന്റർ

30(1840) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടല്ലൂർ പി.എച്ച്. സെന്ററിനോട് ചേർന്ന് നിർമ്മിച്ച 36 കിടക്കകളുള്ള ആശുപത്രിയിൽ നിയമിതരായ ഡോക്ടർമാർ രാത്രികാലങ്ങളിൽ ഡ്യൂട്ടി ചെയ്യുവാൻ തയ്യാറാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുമോ ;

(ബി) തദ്ദേശവാസികളുടെ ആവശ്യം പരിഗണിച്ച് ഈ ആശുപത്രിയിൽ ഡോക്ടർമാർ രാത്രികാലങ്ങളിൽ ജോലിചെയ്യുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകുമോ ;

(സി) ആവശ്യമെന്ന് കണ്ടാൽ കൂടുതൽ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും ഈ ആശുപത്രിയിൽ നിയമിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഡോക്ടർമാർക്ക് താമസസൗകര്യത്തിനായി ക്വാർട്ടേഴ്സ് ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ ഡോക്ടർമാർ കാൾഡ്യൂട്ടി എടുക്കുവാനുള്ള നിർദ്ദേശം ജില്ലാ മെഡിക്കലാഫീസർക്ക് നല്കിയിട്ടുണ്ട്.

(സി) തൽക്കാലം കൂടുതൽ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നിയമിക്കുവാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly